LIBRARY ARCHIVES Kerala Legislative Assembly

അട്ടിമറി നിരക്ക് കമ്മിറ്റി രൂപീകരണം

*16 [499] ശ്രീ. തമ്പാനൂർ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചുമട്ടുതൊഴിലാളി നിയമം നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് അട്ടിമറി നിരക്ക് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഇല്ലെങ്കിൽ ഈ കമ്മിറ്റി രൂപീകരിക്കുന്നതിന് കാലതാമസം നേരിടുന്നതിനുള്ള കാരണങ്ങൾ വ്യക്തമാക്കുമോ;

(ഡി) കാലതാമസം ഒഴിവാക്കി അട്ടിമറി നിരക്ക് കമ്മിറ്റി രൂപീകരിക്കുന്നതിന് ഗവൺമെന്റ് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ):

(എ, ബി) രൂപീകരിച്ചിട്ടില്ല. 2002-ലെ കയറ്റിറക്ക് നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം കൂലി നിരക്കുകൾ നിശ്ചയിക്കുന്നതിന് ജില്ലാതല ഉപദേശക സമിതികൾ രൂപീകരിക്കാനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്.

(സി) ഈ ഉപദേശക സമിതിയിൽ അംഗങ്ങളാകേണ്ട ട്രേഡ് യൂണിയൻ പ്രതിനിധികളുടെ നാമനിർദ്ദേശം കഴിഞ്ഞാൽ സമിതി രൂപീകരിക്കാവുന്നതാണ്.

(ഡി) ട്രേഡ് യൂണിയൻ പ്രതിനിധികളുമായി കൂടുതൽ ബന്ധപ്പെട്ട കമ്മിറ്റി രൂപീകരിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതാണ്.

(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യോത്തരങ്ങൾ

ടെക്നോപാർക്കിൽ പ്രവർത്തിക്കുന്ന കമ്പനികൾ

1 [2610] ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്ന ശേഷം ടെക്നോപാർക്കിൽ എത്ര കമ്പനികൾ ഉണ്ടായിട്ടുണ്ട്; ലിസ്റ്റ് ലഭ്യമാക്കുമോ;

(ബി) ടെക്നോപാർക്കിലെ കമ്പനികളിൽ തൊഴിൽ നിയമങ്ങൾ കൃത്യമായി പാലിക്കാത്തതും ആനുകൂല്യങ്ങൾ, ശമ്പളം എന്നിവ കൃത്യമായി നൽകാത്തതുമായ കമ്പനികൾ ഏതെല്ലാം;

(സി) ഇവയെ നിയന്ത്രിക്കാനും തൊഴിലാളികളുടെ ആനുകൂല്യങ്ങൾ ലഭ്യമാക്കാനും ഗവൺമെന്റ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ഡി) ടെക്നോപാർക്കിലെ കമ്പനികളിൽ വൈദ്യുതി ചാർജ്, വാടക എന്നിവ കൃത്യമായി അടയ്ക്കാത്തവ ഏതെല്ലാം; ഓരോ കമ്പനിയുടേയും കുടിശ്ശിക തുക എത്രയുണ്ട്; ലിസ്റ്റ് ലഭ്യമാക്കുമോ?

(ഇ) കമ്പനികൾക്കുവേണ്ടി പാർക്ക് സെന്ററാണോ വൈദ്യുതി ചാർജ് അടയ്ക്കുന്നത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 14. ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു†

(ബി) ടെക്നോപാർക്കിലെ കമ്പനികളായിരുന്ന Jay Info Systems, Dataware Design Labs എന്നീ കമ്പനികൾ ഇവ സംബന്ധിച്ച് ജീവനക്കാരുമായുള്ള കരാറുകൾ ലംഘിച്ചിട്ടുണ്ട്.

(സി) ടെക്നോപാർക്കിന്, കമ്പനികളും, ജീവനക്കാരുമായി ഇതു സംബന്ധിച്ച് നേരിട്ട് ഇടപെടാൻ കഴിയില്ലെങ്കിലും പ്രശ്നങ്ങൾ പരിഹരിക്കാനുള്ള ചർച്ചകൾ നടത്തുന്നുണ്ട്.

(ഡി) ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ഇ) അല്ല. വൈദ്യുതി ബോർഡിൽ നിന്നും കമ്പനികൾക്ക് ആവശ്യാനുസരണം വൈദ്യുതി വാങ്ങി വിതരണം ചെയ്യുന്ന ഒരു ലൈസൻസിയായിട്ടാണ് ടെക്നോപാർക്ക് പ്രവർത്തിക്കുന്നത്.

ടെക്നോ പാർക്കിൽ തൊഴിൽ ലഭിച്ചവർ

2 [2611] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടെക്നോ പാർക്കിൽ തൊഴിൽ ലഭിച്ചവരിൽ കേരളീയർ എത്ര പേർ; അന്യ സംസ്ഥാനക്കാർ എത്ര പേർ; തിരുവനന്തപുരം ജില്ലയിൽ നിന്നുള്ള എത്ര പേർ എന്ന വിവരം ലഭ്യമാക്കുമോ;

(ബി) ഇങ്ങനെ കമ്പനികളിൽ ജോലി ലഭിച്ചവരിൽ ഈ സ്ഥാപനം സ്ഥിതി ചെയ്യുന്ന കഴക്കൂട്ടം മണ്ഡലത്തിൽനിന്ന് എത്ര പേർക്ക് നിയമനം ലഭിച്ചു എന്ന് വ്യക്തമാക്കാമോ;

(സി) ഈ സ്ഥാപനങ്ങളിൽ സംസ്ഥാനത്ത് നിലവിലുള്ള സംവരണതത്വം പാലിക്കുന്നുണ്ടോ;

(ഡി) ഈ സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ വിദ്യാസമ്പന്നരായ പ്രാദേശിക ഉദ്യോഗാർത്ഥികൾക്ക് സംവരണം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly